പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 6259 — 10.07.2012 ൽ മറുപടിയ്ക്ക്

## 'വിശപ്പുരഹിതനഗരം' പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം

**ചോദ്യം**

ശ്രീ. എ. കെ. ബാലൻ

**ഉത്തരം**

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | 'വിശപ്പു രഹിത നഗരം' പദ്ധതി നടപ്പിലാക്കാൻ 2011 - 2012 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എപ്രകാരമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; | (എ) | വിശപ്പുരഹിത നഗരം പദ്ധതി നടപ്പിലാക്കാൻ 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. പ്രസ്തുത പദ്ധതി ചെലവുകൾക്ക് 2011-12 വർഷം ചെലവായ തുക കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കോർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കുകയുണ്ടായി. |
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത പദ്ധതിയിൽ പങ്കാളിത്തം ഉണ്ടോ ; ഉണ്ടെങ്കിൽ പങ്കാളിത്തം എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ? | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടി വിശപ്പുരഹിത നഗരം പദ്ധതി നടപ്പിലാക്കാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ പദ്ധതി നടപ്പാക്കി വരുന്ന കോഴിക്കോട് നഗരത്തിൽ കോഴിക്കോട് കോർപ്പറേഷൻ 1.2.2010 മുതൽ 31.08.2010 വരെയുള്ള കാലയളവിലെ പദ്ധതി ചെലവ് പൂർണ്ണമായും വഹിക്കുകയുണ്ടായി. തുടർന്ന് ചെലവ് വഹിക്കാതെ മേൽനോട്ട ചുമതല മാത്രം വഹിച്ചു വരുന്നു.<br>നടപ്പ് സാമ്പത്തിക വർഷം കോഴിക്കോടിനു പുറമേ തിരുവനന്തപുരം, കൊല്ലം, മലപ്പുറം എന്നീ നഗരങ്ങളിൽ കൂടി പദ്ധതി നടപ്പാക്കുന്നതിനും പദ്ധതി ചെലവിന്റെ 50 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് . |

R. [signature]

സെക്ഷൻ ഓഫീസർ